പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. T 2014

05-12-2018-ൽ മറുപടിക്ക്

## പ്രളയത്ത് കൃഷി പൂർണ്ണമായും നഷ്ടപ്പെട്ടവരുടെ കാർഷിക കടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) |

| | |
| --- | --- |
| (എ) പ്രളയ സമയത്ത് കൃഷി പൂർണ്ണമായും നഷ്ടപ്പെട്ടവരുടെ കാർഷിക കടങ്ങൾ എഴുതി തള്ളുന്നതിന് നടപടി സ്വീകരിക്കുമോ; നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (എ) പ്രളയ സമയത്ത് കൃഷി പൂർണ്ണമായും നഷ്ടപ്പെട്ടവരുടെ കാർഷിക കടങ്ങൾ എഴുതി തള്ളുന്നതിന് നിലവിൽ തീരുമാനം ഒന്നും എടുത്തിട്ടില്ല. എന്നാൽ സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് കൃഷിയിറക്കിയ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളിൽ നിന്ന് അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31-07-2018 മുതൽ ഒരു വർഷത്തേക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 51/18 നമ്പർ സർക്കുലർ പ്രകാരം മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രളയബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിലെ അംഗങ്ങൾ എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത് എന്നും സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>2018 ഓഗസ്റ്റ് 20 ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരതാശ്വാസ നടപടികൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും, ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അർഹമായ കാർഷിക വായ്പകൾക്ക് മോറട്ടോറിയം, പുനക്രമീകരണം, അധിക വായ്പ, പിഴപ്പലിശയും കൂട്ടുപലിശയും ഒഴിവാക്കൽ എന്നിവ ഈ നടപടികളുടെ ഭാഗമാണ്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbckerala.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. കാർഷിക വായ്പകൾ എഴുതി തള്ളുന്നത് ഈ നടപടികളുടെ ഭാഗമല്ല എന്ന് എസ്.എൽ.ബി. സി കൺവീനർ അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| | പ്രളയം ബാധിച്ച ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ ഓവർ ഡ്യൂ ആയിട്ടില്ലെങ്കിൽ പുനക്രമീകരിക്കാൻ പ്രളയാനന്തരം കൂടിയ പ്രത്യേക യോഗത്തിൽ എസ്.എൽ.ബി.സി തീരുമാനമെടുത്തിട്ടുണ്ട്. മൊറട്ടോറിയം പീരീഡ് കഴിഞ്ഞ ശേഷം ടേം ലോൺ ആക്കിയാൽ കൂട്ട് പലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കാനും തിരിച്ചടക്കാനുള്ള തുക തവണകളായി 5 വർഷം കൊണ്ട് അടച്ച തീർക്കുന്ന രീതിയിൽ ക്രമീകരിക്കാനും എസ്.എൽ.ബി.സി തീരുമാനമെടുത്തിട്ടുണ്ട്. കർഷകർ എടുത്തിട്ടുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12-10-18 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ